പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5830 — 30.07. 2015 ൽ മറുപടിക്ക്

## നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുത ചാർജ് നിരക്ക്

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതചാർജ് നിരക്ക് വ്യാവസായിക താരിഫ് ആക്കി ഉയർത്തിയത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) തെങ്ങ്, കവുങ്ങ്, കർഷകരെ ബാധിക്കുന്ന വിലതകർച്ചയോടൊപ്പം ഉയർന്ന വൈദ്യുത ചാർജ്ജ് ഈടാക്കുന്നത് സംസ്ഥാനത്തെ നാണ്യവിള ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുകയും കർഷകരുടെ ജീവിത തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യുമെന്നത് പരിശോധിച്ചിട്ടുണ്ടോ :<br><br>(സി) മുൻ സർക്കാരിന്റെ കാലത്ത് സൗജന്യമാക്കിയിരുന്ന നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതി പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) സംസ്ഥാനത്ത് ഭക്ഷ്യവിളകളായ പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ, ഡീ-വാട്ടറിങ്ങ് (De-watering) എന്നിവയ്ക്കുള്ള വൈദ്യുതിയുടെ താരിഫ്, LT V(A) അഗ്രികൾച്ചർ ആണ്. എന്നാൽ ലോടെൻഷൻ വിഭാഗത്തിൽ വരുന്ന നാണ്യവിള തോട്ടങ്ങളെ 14.08.2014 ലെ റെഗുലേറ്ററി കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവ് വരുന്നതുവരെ ഒരു പ്രത്യേക താരിഫ് കാറ്റഗറിയിലും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ടി വിഭാഗം ഉപഭോക്താക്കളെ 'LT V(A) കാർഷികം' താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തി ബില്ല് ചെയ്യുകയായിരുന്നു.<br><br>എന്നാൽ ഹൈടെൻഷൻ വിഭാഗത്തിൽ (HT) വരുന്ന നാണ്യവിളതോട്ടങ്ങളുടെ താരിഫ് 1983 മുതൽ തന്നെ HT I (A) Industry (വ്യവസായ താരിഫ്) ആയിരുന്നു. 14.08.2014-ലെ റെഗുലേറ്ററി കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ലോ ടെൻഷൻ വിഭാഗത്തിൽ വരുന്ന നാണ്യവിള തോട്ടങ്ങളുടെ താരിഫ്, 16.08.2014 മുതൽ LT IV(A) Industry (വ്യാവസായങ്ങളുടെ താരിഫ്) ആക്കി മാറ്റിയിട്ടുണ്ട്.<br><br>നാണ്യവിളകളുടെ കൃഷിക്ക് സ്ഥിരമായി ജലസേചനത്തിന്റെ ആവശ്യമില്ലാത്തതിനാലും, |

| | |
|---|---|
| | കൃഷിരീതികൾ യന്ത്രവൽകൃതമല്ലാത്തതിനാലുമാണ്, സബ്സിഡി നിരക്കിലുള്ള വൈദ്യുതി, ഭക്ഷ്യവിളകൾക്കു മാത്രമായി റെഗുലേറ്ററി കമ്മീഷൻ പരിമിതപ്പെടുത്തിയത്.<br><br>14.08.2014-ലെ റെഗുലേറ്ററി കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 'എണ്ണക്കുരു' വിഭാഗത്തിൽപ്പെടുന്ന നാളീകേരത്തിന്റെ കൃഷിക്കുള്ള താരിഫ്, സംസ്ഥാനത്തെ ഏതാനും ചില സെക്ഷൻ ഓഫീസുകളിൽ, LT IV(A) വ്യവസായം- ലേക്ക് മാറ്റിയിരുന്നു. എന്നാൽ കേരളത്തിൽ നാളീകേരത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇതു ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ, നാളീകേരത്തെ ഭക്ഷ്യവിളയായി കണക്കാക്കി, നാളീകേര കൃഷിക്കുള്ള വൈദ്യുതി താരിഫ് തുടർന്നും 'LT V(A) കാർഷികം'- ൽ തന്നെ നൽകണമെന്നുള്ള കർശന നിർദ്ദേശങ്ങൾ (24.02.2015 –ലെ ബോർഡ് സർക്കുലർ പ്രകാരം) വിതരണ വിഭാഗം സെക്ഷൻ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.<br><br>ചെറുകിട കർഷകരുടെ നിവേദനങ്ങളും, ബഹുമാനപ്പെട്ട നിയമസഭാ സാമാജികരുടെ നിർദ്ദേശങ്ങളും പരിഗണിച്ച്, നാണ്യവിളകൾ, ഇടവിളകളായി കൃഷി ചെയ്യുന്നവർക്ക്, കാർഷിക താരിഫിൽ തന്നെ വൈദ്യുതി നൽകുന്നതിനുള്ള ഉത്തരവ് ബോർഡ് നൽകിയിട്ടുണ്ട്.<br><br>ഭക്ഷ്യവിളകളോടൊപ്പം, ഇടവിളകളായി, നാണ്യവിളകൾ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ, ഭക്ഷ്യവിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നതെങ്കിൽ (കൂടുതൽ സ്ഥലത്ത്) കൃഷിക്കുപയോഗിക്കുന്ന മുഴുവൻ വൈദ്യുതിയും, കാർഷിക താരിഫിൽതന്നെ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ 04.06.2015-ലെ ബോർഡ് ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |

| | |
|---|---|
| | എന്നാൽ 'അടയ്ക്ക'യെ ഒരു ഭക്ഷ്യവിളയായി വർഗ്ഗീകരിക്കാൻ കഴിയാത്തതിനാൽ, നാണ്യവിളകളുടെ താരിഫിലാണ് ബില്ല് ചെയ്തുവരുന്നത്.<br><br>സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ മാറ്റം വരുത്തുന്നതിന്, വിതരണ ലൈസൻസി എന്ന നിലയിൽ, കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിയുകയില്ല. എന്നാൽ നാണ്യവിളകൾക്കുള്ള താരീഫ് മാറ്റണമെന്ന ആവശ്യം മുൻനിർത്തി ഇക്കാര്യം പുന:പരിശോധിക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റഗുലേറ്ററി കമ്മീഷനിൽ നിന്നും ഇതു സംബന്ധിച്ച മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ